(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വീടുകൾ നല്കിയിട്ടുണ്ട്, ഇവയ്ക്ക് ഓരോ വർഷവും ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഏതെങ്കിലും ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ; ഇതു വഴി എത്ര പേർക്ക് ഭവന നിർമ്മാണത്തിന് സഹായം നല്കി ; ഇതിന് എത്ര തുക ചെലവാക്കിയിട്ടുണ്ട് ; വിശദാംശം നല്കുമോ ;

(ഡി) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു. കേന്ദ്ര സർക്കാർ ഗ്രാന്റും സംസ്ഥാന സർക്കാർ വിഹിതവും വിനിയോഗിച്ച് ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിർമ്മാണ ചെലവിന്റെ എസ്റ്റിമേറ്റ് തുകയുടെ 75% കേന്ദ്ര സർക്കാർ ഗ്രാന്റായും 25% തുക സംസ്ഥാന സർക്കാർ വിഹിതമായി ബജറ്റിലൂടെയും ലഭ്യമാകുന്നുണ്ട്.

(ബി) വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങളുണ്ട്. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

ഭവന നിർമ്മാണ പദ്ധതികൾ

204 (2442) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച EMS ഭവന നിർമ്മാണ പദ്ധതി, M.N. ഗോവിന്ദൻനായർ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി തുടങ്ങിയവയിലെ ഗുണഭോക്താക്കൾക്കുള്ള അവസാന ഗഡു തുകകൾ നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്കാണ് ഭവന നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ളത് ;

ഉത്തരം

(എ) സുരക്ഷാ ഭവന പദ്ധതി, എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, എം. എൻ. ലക്ഷം വീട് മേൽക്കൂര പുതുക്കിപ്പണിയുന്ന പദ്ധതി, സാഫല്യം ഭവന പദ്ധതി, ഇന്നൊവേറ്റീവ് ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ, ഗൃഹശ്രീ ഭവന പദ്ധതി എന്നീ ഭവന പദ്ധതികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. സർക്കാർ സബ്സിഡിയിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ തീരെ കുറഞ്ഞ തുക സബ്സിഡിയായി നൽകുന്ന സുരക്ഷാ ഭവന പദ്ധതിക്ക് പ്രസക്തിയില്ലാത്തതിനാൽ 2013 മാർച്ച് 31-നകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വീടുകൾക്കുകൂടി സബ്സിഡി തുക വിതരണം ചെയ്ത് സുരക്ഷാ ഭവന പദ്ധതി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

കേരള സ്റ്റേറ്റ് ഹൗസിംഗ് കോർപ്പറേഷൻ നല്കുന്ന ഭവന വായ്പ

205 (2443) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് കോർപ്പറേഷൻ നൽകുന്ന ഭവനവായ്പ കുടിശ്ശിക തിരിച്ചടക്കുന്നതിന് നിലവിൽ ഗുണഭോക്താക്കൾക്ക് എന്തൊക്കെ ഇളവുകളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) എല്ലാ വരുമാന ഗ്രൂപ്പുകാർക്കും ഒരേ തരത്തിലുള്ള ഇളവുകളാണോ അനുവദിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ലോൺ എടുത്ത വ്യക്തി മരണപ്പെട്ടാൽ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കോർപ്പറേഷൻ എന്തെങ്കിലും പ്രത്യേക ആനുകൂല്യം നൽകാറുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് ഹൗസിംഗ് കോർപ്പറേഷൻ രൂപീകരിച്ചിട്ടില്ല. കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly